"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 20/11/2023 ൽ 27(1)ാം നമ്പർ യോഗ തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണയ്ക്ക് നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.81/2024/LSGD തീയതി,തിരുവനന്തപുരം, 10-01-2024

---

പരാമർശം:-

1. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 20/11/2023 ലെ 27(1)ാം നമ്പർ യോഗ തീരുമാനം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/12/2023 ലെ തസ്വഭവ/പിഡി/67280/2023- എആർ5 നമ്പർ കത്ത്
3 27/12/2023 ലെ ഡിഇ3/549/2023-തസ്വഭവ നമ്പർ സർക്കാർ കത്ത്.

**<u>ഉത്തരവ്</u>**

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ, ഭൂമിയുടെ തരം വന ഭൂമി എന്ന് രേഖപെടുത്തിയ ഗുണഭോക്താക്കൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിന് വനം വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യ പത്രം ആവശ്യമാണെന്ന നിലവിലെ നിയമം മറികടന്ന് എല്ലാ ഗുണഭോക്താക്കൾക്കും സാക്ഷ്യ പത്രം നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം 1 പ്രകാരമുള്ള തീരുമാനത്തിന്മേൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191 പ്രകാരം സർക്കാർ നിർദ്ദേശത്തിനായി പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ഭരണസമിതിയുടെ തീരുമാനം താൽക്കാലികമായി നിർത്തിവയ്ക്കാൻ പരാമർശം 3 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ഭരണസമിതിയുടെ 20/11/2023 ലെ 27(1)ാം നമ്പർ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191 (1) (ബി) പ്രകാരം റദ്ദ് ചെയ്യുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് 191(2) വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നതിനായി ഈ വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ

പരിഗണയ്ക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 11-01-2024 16:31:38
സെക്ഷൻ ഓഫീസർ